# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T 5795 03/11/2016-ൽ മറുപടിക്ക്

## കേരള സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

ചോദ്യം

**ശ്രീ.എം.എം.മണി**

മറുപടി

**ശ്രീ.ടി.പി.രാമകൃഷ്ണൻ**

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കേരള സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ; | (എ) ആറിനം ക്ഷേമാനുകൂല്യങ്ങളാണ് ബോർഡ് തൊഴിലാളികൾക്കായി നടപ്പാക്കിയിട്ടുള്ളത്.<br>1) **റിട്ടയർമെന്റ് ആനുകൂല്യം** (അതിവർഷാനുകൂല്യം) ക്ഷേമനിധിയിൽ നിന്നും 60 വയസ്സ് പൂർത്തിയായി പിരിഞ്ഞ് പോകുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന റിട്ടയർമെൻറ് ആനുകൂല്യം അംഗത്വ കാലത്തിന് അനുസൃതമായി പ്രതിവർഷം 625/-രൂപ എന്ന നിരക്കിൽ നൽകിവരുന്നു.<br>2) **മരണാനന്തര ധനസഹായം** :- മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2000/-രൂപ നിരക്കിൽ അടിയന്തര ധനസഹായം നൽകി വരുന്നു.<br>3) **വിവാഹ ധനസഹായം:-** തൊഴിലാളികൾക്കും, അവരുടെ പെൺകുട്ടികളുടെ വിവാഹത്തിനുമായി 2000/-രൂപ നിരക്കിൽ ആനുകൂല്യം നൽകി വരുന്നു. ഈ ആനുകൂല്യം ഒരു കർഷക തൊഴിലാളി കുടുംബത്തിന് പരമാവധി രണ്ട് തവണയായി പരിമിതപ്പെടുത്തിയിട്ടുണ്ട്.<br>4) **പ്രസവാനുകൂല്യം:-** ക്ഷേമനിധിയിലെ വനിതാ അംഗങ്ങളുടെ പ്രസവത്തിനായി നൽകിവരുന്ന ആനുകൂല്യം ബോർഡിന്റെ 1000/-രൂപയും സർക്കാരിന്റെ ധനസഹായമിനത്തിലുള്ള 14,000/-രൂപയും ഉൾപ്പെടെ 15000/-രൂപ നൽകി വരുന്നു. ഒരു അംഗത്തിന് രണ്ട് തവണ മാത്രമേ പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ളൂ.<br>5) **ചികിത്സാ ധനസഹായം:-** തൊഴിലാളികളുടെ ചികിത്സയ്ക്കായി അഞ്ച് വർഷത്തിലൊരിക്കൽ നൽകി വരുന്ന ആനുകൂല്യം പരമാവധി 2500/-രൂപയാണ്.<br>6) **വിദ്യാഭ്യാസ ധനസഹായം:-** SSLC/THSSLC പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യം ഓരോ വർഷവും ഡയറക്ടർ ബോർഡ് നിശ്ചയിക്കുന്ന നിരക്കിൽ നൽകി വരുന്നു. |

| | | |
|---|---|---|
| (ബി) | വിവാഹ ധനസഹായമായി എത്ര രൂപയാണ് നൽകുന്നത്; അർഹത മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) 2000/-രൂപയാണ് വിവാഹ ധനസഹായമായി ബോർഡ് നൽകി വരുന്നത്.<br><br>**<u>അർഹതാമാനദണ്ഡങ്ങൾ</u>**<br>1) വിവാഹതീയതിയിൽ ഒരു വർഷത്തെ അംഗത്വം പൂർത്തിയാക്കിയിരിക്കണം.<br>2) അപേക്ഷ തീയതിയിൽ അംശദായ കുടിശ്ശിക ഉണ്ടായിരിക്കാൻ പാടില്ല.<br>3) ഈ ആനുകൂല്യം ഒരു കർഷക തൊഴിലാളി കുടുംബത്തിന് പരമാവധി രണ്ട് തവണ മാത്രമെ ലഭിക്കൂ.<br>4) സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥകളായ പെൺമക്കൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. |
| (സി) | വിവിധ ആനുകൂല്യങ്ങളായി നൽകിവരുന്ന ധനസഹായം കാലോചിതമായി ഉയർത്തി നൽകുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) ധനസഹായം വർദ്ധിപ്പിക്കുന്ന വിഷയം ബോർഡിലെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ